LIBRARY ARCHIVES Kerala Legislative Assembly

ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിൽ അഴിമതി

96 (1963) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിൽ അഴിമതി നടന്നതായുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധമായ അന്വേഷണം ഏതു ഘട്ടത്തിലാണ് ; കുറ്റാരോപിതരായ ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണ് ; ഇവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ ;

(ബി) ഏതെല്ലാം കളക്ടർമാർ തെരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിലെ അഴിമതി സംബന്ധമായി അന്വേഷണവും പരിശോധനയും നടത്തുകയുണ്ടായിട്ടുണ്ട് ; ചീഫ് ഇലക്ടറൽ ഓഫീസർക്ക് ഏതെല്ലാം കളക്ടർമാർ റിപ്പോർട്ട് നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) 2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിൽ തിരുവനന്തപുരം ജില്ലാകളക്ടറേറ്റിൽ അഴിമതി നടന്നതായി ചീഫ് ഇലക്ടറൽ ഓഫീസർക്ക് ആക്ഷേപം ലഭിച്ചിരുന്നു. അവ വിശദമായ അന്വേഷണത്തിനും റിപ്പോർട്ടിനുമായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകുകയുണ്ടായി. ടി വിഷയത്തിൽ എ.ഡി.എം. മുഖാന്തരം വിശദമായ അന്വേഷണം നടത്തുന്നതായും പൊതുതെരഞ്ഞെടുപ്പ് സമയത്ത് ജില്ലയിലെ ഇലക്ഷൻ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. എസ്. രമേശ്, സീനിയർ ക്ലാർക്ക് ശ്രീ. എസ്. എസ്. സന്തോഷ് കുമാർ, ഓഫീസ് അറ്റന്റന്റ് ശ്രീ. രഞ്ജു എന്നീ ആരോപണ വിധേയരെ സ്ഥലം മാറ്റിയതായും 20-9-2014-ലെ പ്രാഥമിക റിപ്പോർട്ട്, 3-12-2014-ലെ കത്ത് എന്നിവ പ്രകാരം കളക്ടർ അറിയിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥർ സ്ഥലം മാറ്റം ലഭിച്ച സെക്ഷനുകളിൽ ഇപ്പോഴും ജോലി ചെയ്യുവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുപ്പ് നടത്തിപ്പ് സംബന്ധിച്ച് മാത്രമേ അഴിമതി ആരോപണം ഉന്നയിക്കപ്പെട്ടിട്ടുള്ളൂ. ആയതിനാൽ തിരുവനന്തപുരം ജില്ലാകളക്ടർ മാത്രമേ അന്വേഷണം നടത്തിയിട്ടുള്ളൂ. ഇദ്ദേഹം ഒരു പ്രാഥമിക റിപ്പോർട്ട് ചീഫ് ഇലക്ടറൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദമായ അന്വേഷണ റിപ്പോർട്ട് ഉടൻ നൽകുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

റവന്യൂ ഡി.ആർ.എഫ്. സെക്ഷനുകളിലെ ജോലിഭാരം

97 (1964) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഡി.ആർ.എഫ്. സെക്ഷനുകളിലെ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നത് പരിഗണിക്കുമോ ;

(ബി) റവന്യൂ, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ വർക്ക് ഡിസ്ട്രിബ്യൂഷൻ സന്തുലിതമാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ഓരോ സെക്ഷനും അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിനനുസൃതമായി മാത്രമേ നിയമനം നടത്താൻ സാധിക്കുകയുള്ളൂ. എന്നാൽ, റവന്യൂ ഡി.ആർ.എഫ്. സെക്ഷനുകളിലെ ജോലിഭാരം കണക്കിലെടുത്ത് സൂപ്പർന്യൂമററി തസ്തികയിൽ ജോലി ചെയ്യുന്ന മൂന്ന് അസിസ്റ്റന്റുമാരെക്കൂടി അവിടെ അധികമായി നിയമിച്ചിട്ടുണ്ട്. എന്നാൽ ഇത് ഒരു സ്ഥിരം സംവിധാനമല്ല.

(ബി) എല്ലാ വകുപ്പുകളിലും ഏറെക്കുറെ സന്തുലിതമായ രീതിയിലാണ് വർക്ക് ഡിസ്ട്രിബ്യൂഷൻ നടത്തിയിരിക്കുന്നത്. എങ്കിലും ഓരോ വകുപ്പിലെയും ജോലിയുടെ സ്വഭാവമനുസരിച്ച് ജോലിയുടെ അളവിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

98 (1965) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകളിൻമേലാണ് ധനസഹായം ഇനിയും നൽകുവാനുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ധനസഹായം വൈകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മണ്ഡലം തിരിച്ചുള്ള കണക്ക് പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം വിതരണം ചെയ്യുന്നത് വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണം എം.എൽ.എ.-മാരെ അറിയിക്കുന്നതിന് നടപടി

99 (1966) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായത്തിന് എം.എൽ.എ.-യുടെ ശിപാർശയോടുകൂടി അപേക്ഷിക്കുന്നവർക്ക് ധനസഹായം വിതരണം ചെയ്യുന്ന മുറയ്ക്ക് താലൂക്കാഫീസിൽനിന്നും പ്രസ്തുത വിവരം എംഎൽ.എ.-മാരെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

അപേക്ഷകളുടെ ബാഹുല്യംമൂലം ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly